SUNDAY 29-08-2021 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 29/08/2021

1. കാർഷിക സർവ്വകലാശാലയുടെ വിവിധ ജൈവ രോഗ കീട നിയന്ത്രണോപാദികൾ, ജീവാണു വളങ്ങൾ, ജൈവ വളങ്ങൾ എന്നിവ ഇപ്പോൾ വേങ്ങേരിയിലുള്ള സർവ്വകലാശാല സ്ഥാപനമായ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ ലഭ്യമാകുന്നു. രോഗപ്രതിരോധശേഷി വർദ്ധിപ്പിച്ചു സസ്യങ്ങളുടെ വളർച്ച കൂട്ടുന്ന സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, പത്തു ഗ്രോ ബാഗിന് ആവശ്യമായ എല്ലാ വളക്കൂട്ടുകളും അടങ്ങിയ ഏക കിറ്റ്, മീലിമൂട്ട, നിമാവിരകൾ എന്നിവയ്ക്ക് എതിരെയുള്ള പോച്ചോണിയ, പെസീലിയോമൈസസ്, ജൈവ പൊട്ടാഷ് വളമായ ബയോപൊട്ടാഷ്, ചെടികളുടെ വേരുകളെ ശക്തിപ്പെടുത്തുന്ന വാം അഥവാ മൈക്കൊറൈസ പുഴുക്കൾ, വാഴയുടെ പിണ്ടിപ്പുഴു എന്നിവക്ക് എതിരെയുള്ള ബ്യൂവേറിയ, പച്ചക്കറിക്കുള്ള മൈക്രോ ന്യൂട്രിയന്റ് മിക്സ് സമ്പൂർണ, പച്ചക്കറി വിത്തുകളായ ചീര, വെണ്ട, പാവൽ, പടവലം, മത്തൻ, വള്ളിപ്പയർ, വഴുതന, പീച്ചിൽ, കമ്പോസ്റ്റ് വളങ്ങൾ, മാവിനും പച്ചക്കറികൾക്കും ഉള്ള കായീച്ചകെണി, നീരൂറ്റിക്കുടിക്കുന്ന പ്രാണികൾക്ക് എതിരെയുള്ള ജൈവകീടനാശിനി രക്ഷ, ചിപ്പി കൂൺ വിത്ത്, വിവിധ വിളകളെ സംബന്ധിച്ചുള്ള സർവകലാശാല പുസ്തകങ്ങൾ എന്നിവ ഇവിടെ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0495 2935850 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ ഓപ്പറേറ്റീവ് മാനേജ്മെന്റ് കണ്ണൂരും കേരള സ്റ്റാർട്ട് മിഷന്റെ ടെക്നോളജി ഇന്ക്യൂബഷൻ സെന്റർ ആയ മൈസോണും സംയുക്തമായി ഡിജിറ്റൽ ബിസിനസ് സ്ട്രാറ്റജിയിൽ അധിഷ്ഠിതമായ വ്യാപാര കാഴ്ചപ്പാടും ഇതിന്റെ സാധ്യതകൾ സഹകരണ സ്ഥാപനങ്ങളിലും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളിലും എങ്ങനെ ഫലവത്തായി ഉപയോഗിക്കാം എന്നതിനെക്കുറിച്ചുള്ള ഒരു ശില്പശാല (ഓൺലൈൻ) 06/09/21 ന് സംഘടിപ്പിച്ചിരിക്കുന്നു.. ഈ ശില്പശാലയിൽ ജില്ലയിലെ എല്ലാത്തരം സഹകരണ സംഘങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും പങ്കെടുക്കാം. താല്പര്യമുള്ളവർ 31/08/2021 നു മുമ്പായി https://forms.gle/ZBBMK7H9UoHsM37b7 എന്ന ലിങ്ക് ഉപയോഗിച്ചോ

kannuricm@gmail.com എന്ന ഇമെയിൽ വിലാസത്തിലൂടെയോ രജിസ്റ്റർ ചെയ്യുക. മറ്റ് വിശദവിവരങ്ങൾ, രജിസ്റ്റർ ചെയ്തവരുടെ വാട്സ്ആപ്പ് നമ്പറിലൂടെ / ഇമെയിലിലൂടെ അറിയിക്കുന്നതായിരിക്കും.

3. വാഴപ്പള്ളി പഞ്ചായത്തിൽ ആട് സാറ്റലൈറ്റ് പദ്ധതി, കറവയന്ത്രം സ്ഥാപിക്കൽ, കൺസർവേഷൻ ഓഫ് ലൈവ്സ്റ്റോക്ക് ബയോവേയ്സ്റ്റ് റ്റ മാന്വർ, താറാവ് വളർത്തൽ, മൃഗസംരക്ഷണ മേഖലയിലെ വായ്പകൾക്കുള്ള സഹായധനം തുടങ്ങി വിവിധ പദ്ധതികളിലേയ്ക്കുള്ള അപേക്ഷകൾ ഈ മാസം 31 ന് വൈകിട്ട് മൂന്നു മണിയ്ക്കു മുൻപായി തുരുത്തി മൃഗാശുപത്രിയിൽ നൽകണമെന്ന് തുരുത്തി വെറ്ററിനറി സർജൻ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2321244** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

4. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും ഉൽപാദിപ്പിക്കുന്ന 45 മുതൽ 60 ദിവസം പ്രായമുളള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വാങ്ങുവാൻ **9495000923** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. ഡിജിറ്റൽ വീഡിയോ മത്സരം 2021 അമച്വർ വിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫി മത്സരം, കാർഷിക ലേഖന രചനാ മത്സരം, കാർഷിക ചെറുകഥ രചനാ മത്സരം എന്നിവയിലേക്ക് ഫാം ഇൻഫർമേഷൻ ബ്യൂറോ എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി **സെപ്റ്റംബർ 30.** കൂടുതൽ വിവരങ്ങൾക്ക് **0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ആഴ്ചകളിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 10 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2373710** എന്ന നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

## പരിശീലന പരിപാടികൾ

7. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ സെപ്റ്റംബർ 1-ന് കാർഷിക സുശീലങ്ങൾ, 2-ന് മൃഗസംരക്ഷണ മേഖലയും എഫ്.പി.ഒ-യും എന്നീ വിഷയങ്ങളിൽ വൈകിട്ട് 7 മണി മുതൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

8. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 2-നു (02/09/2021 ന ) രാവിലെ 11 മണിക്ക് "**ക്ഷീരസഹകരണസംഘം ഭരണസമിതി അംഗങ്ങൾക്കുള്ള ഓൺലൈൻ പരിശീലനം**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481– 2302223 / 9447824520** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

9. ഹോർട്ടികോർപ്പ് ഈ മാസം മുപ്പത്തി ഒന്നു മുതൽ ആവോലി കൃഷി ഭവൻ പരിധിയിൽ വച്ച് മൂന്ന് ദിവസത്തെ സമഗ്ര തേനീച്ച വളർത്തൽ സംരംഭകത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 9447910989 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

10. നെല്ലിൽ പാൽ നിറയുന്ന സമയത്ത് ചാഴിയുടെ ആക്രമണത്തിനെതിരെ ജാഗ്രത പുലർത്തുക. പാടത്തും വരമ്പത്തും ഉള്ള കളകൾ നീക്കം ചെയ്യുക. ചാഴിയുടെ ആക്രമണം കണ്ടാൽ ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി തളിക്കുക.

11. തെങ്ങിൽ കൂമ്പുചീയലിനു മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശ്ശെയായി ഒലിച്ചിറങ്ങുന്നത് വഴി ഈ രോഗം ഒരു പരിധി വരെ

നിയന്ത്രിക്കപ്പെടും. രോഗം ബാധിച്ച തെങ്ങിലും അടുത്തുള്ള തെങ്ങുകളിലും ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം